# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 318 | 30/11/2015 ൽ മറുപടിക്ക് |
|---|---|

## സ്വകാര്യ അഭിഭാഷകരിൽ നിന്നും നിയമോപദേശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നതിന് ശേഷം വിജിലൻസ് വകുപ്പ് ഇതുവരെ ഏതെല്ലാം കേസ്സുകളിൽ സ്വകാര്യ അഭിഭാഷകരിൽ നിന്നും നിയമോപദേശം തേടിയിട്ടുണ്ടെന്ന് വ്യക്തമാക്കമോ ; ഏതെല്ലാം അഭിഭാഷകരാണ് നിയമോപദേശം നൽകിയത് ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വി.സി. 6/14/എസ്.ഐ.യു. I നമ്പർ കേസിൽ (ബാർ കോഴ കേസ്) സുപ്രീം കോടതിയിലെ രണ്ട് അഭിഭാഷകരിൽ നിന്നും നിയമോപദേശം തേടിയിട്ടുണ്ട്. ശ്രീ.എൻ.നാഗേശ്വര റാവു, ശ്രീ.മോഹൻ പരാശരൻ എന്നിവർ. |
| (ബി) | പ്രസ്തുത കേസുകളിൽ സർക്കാർ അഭിഭാഷകരെ ഒഴിവാക്കി മറ്റ് അഭിഭാഷകരിൽ നിന്നും നിയമോപദേശം തേടിയതിന്റെ കാരണം വ്യക്തമാക്കമോ ; | (ബി) | കേസിന്റെ അന്വേഷണ വേളയിൽ തന്നെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിജിലൻസ് ലീഗൽ അഡ്വൈസർ നൽകിയ നിയമോപദേശത്തെ സംബന്ധിച്ച് മാധ്യമങ്ങളിൽ ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ 'സംസ്ഥാന സർക്കാരിന്റെ കീഴിൽപ്പെടാത്ത വരായ അറ്റോർണി ജനറൽ, സോളിസിറ്റർ ജനറൽ എന്നിവരോട് നിയമോപദേശം തേടാൻ വിജിലൻസ് ഡയറക്ടർ തീരുമാനിച്ചു. ടിയാളുകൾക്ക് കത്ത് നൽകി. എന്നാൽ ടി നിയമജ്ഞരിൽ നിന്നും മറുപടി ലഭിക്കാത്തതു കൊണ്ടാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 'സരള Vs വേലു' എന്ന കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ടി രണ്ട് നിയമജ്ഞരുടെ അഭിപ്രായം വിജിലൻസ് ഡയറക്ടർ തേടിയത്. |
| (സി) | നിയമ വകുപ്പിന്റെ മുൻകൂർ അനുമതിയോടെ യാണോ പ്രസ്തുത അഭിഭാഷകരുടെ നിയമോപദേശം തേടിയത് ; | (സി) | മുൻ കൂർ അനുമതി തേടിയിട്ടില്ല. |
| (ഡി) | ഇപ്രകാരം നിയമോപദേശം തേടിയ എല്ലാ കേസ്സുകളിലും സർക്കാർ/വിജിലൻസ് ഭാഗം വിജയിച്ചിട്ടുണ്ടോ; ഏതെല്ലാം കേസ്സുകൾ വിജയിച്ചു എന്നും ഏതെല്ലാം കേസ്സുകൾ പരാജയപ്പെട്ടുവെന്നും വ്യക്തമാക്കമോ ; | (ഡി) | ഇപ്രകാരം വേറൊരുകേസിലും നിയമോപദേശം തേടിയിട്ടില്ല. |
| (ഇ) | പ്രസ്തുത അഭിഭാഷകർക്ക് നൽകിയ പ്രതിഫലത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കമോ ; | (ഇ)<br>&<br>(എഫ്) | രണ്ട് പേരുടെ ഫീസായ 7,70,000 രൂപ പ്രതിഫലമായി നൽകുന്നതിനുള്ള വിഷയം പരിശോധനയിലാണ്. വേറെ ആരിൽ നിന്നും വിജിലൻസ് ഡയറക്ടർ നിയമോപദേശം തേടിയിട്ടില്ല. |
| (എഫ്) | ഏതെല്ലാം അഭിഭാഷകർക്ക് ഇനിയും പ്രതിഫലം നല്കാനുണ്ട് ; അവരുടെ വിശദാംശങ്ങളും കേസ്സും, കാലതാമസത്തിന്റെ കാരണങ്ങളും വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ